## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1841** **15.07.2016-ൽ മറുപടിയ്ക്ക്**

## ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക തൊഴിൽ ദാന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.ഡി.കെ.മുരളി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഉൾവനങ്ങളിൽ വസിക്കുന്ന പട്ടിക ഗോത്രവർഗ്ഗക്കാർ പ്രത്യേകിച്ച് പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ടവർ മഴക്കാലത്ത് തൊഴിൽ ഇല്ലാതെയും ഭക്ഷ്യധാന്യങ്ങളും കിഴങ്ങുകളും ലഭിക്കാതെയും കടുത്ത ദുരിതം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരത്തിൽപ്പെട്ടവർക്ക് മഴക്കാലത്തും അതിനുശേഷവുമുള്ള കാലങ്ങളിലും വീടുകളിൽ സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ എത്തിച്ചു നൽകാൻ നടപടിയെടുക്കുമോ; | ബി) | ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികഗോത്ര വർഗ്ഗക്കാർ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മഴക്കാലത്ത് ഭക്ഷ്യധാന്യങ്ങളും പോഷകാഹാരങ്ങളും സൗജന്യമായി വീടുകളിൽ എത്തിച്ച് വിതരണം ചെയ്യുന്ന ഭക്ഷ്യസഹായ പദ്ധതി ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. 2016-17 വർഷം ഈ പദ്ധതിക്കായി 25 കോടി രൂപ അനുവദിച്ചതിൽ 7.14 കോടി രൂപ ഇതിനോടകം ജൂൺ 2016-ൽ വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇവർക്കായി പ്രത്യേക തൊഴിൽ ദാന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ